**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2648** **06-10-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് കിൻഫ്ര നടപ്പാക്കുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് കേരള വ്യവസായ അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്;<br><br>സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം പ്രയോജനപ്പെടുത്തി നിക്ഷേപം നടത്തുവാൻ സന്നദ്ധരായിട്ടുള്ള നിക്ഷേപകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കിൻഫ്ര വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇൻഫർമേഷൻ ടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, ഓട്ടോമോട്ടീവ്, ഇലക്ട്രോണിക്സ്, ഫുഡ് പ്രോസസിംഗ്, ടെക്സ്റ്റൈൽസ് എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ മൂലധനം ആകർഷിക്കാൻ ലക്ഷ്യമിട്ടുള്ള നിരവധി വ്യവസായ പാർക്കുകൾ, പ്രത്യേക സാമ്പത്തിക മേഖലകൾ (SEZ), നിക്ഷേപ മേഖലകൾ എന്നിവ വിജയകരമായി സ്ഥാപിച്ചു. കിൻഫ്രയുടെ പദ്ധതികൾ ഫാർമസ്യൂട്ടിക്കൽസ്, ഇലക്ട്രോണിക്സ്, ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ എന്നിവയിൽ പ്രവർത്തിക്കുന്ന കമ്പനികളിൽ നിന്ന് വൻതോതിൽ നിക്ഷേപം സമാഹരിച്ചിട്ടുണ്ട്. കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സി.യുടെയും പാട്ടവ്യവസ്ഥകൾ കാലോചിതമായും നിക്ഷേപ സൗഹൃദമായും ചട്ടഭേദഗതിയിലൂടെ പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, സാങ്കേതികവിദ്യ, നിർമ്മാണം, തുടങ്ങിയ മേഖലകളിൽ വളർന്നുവരുന്ന സംരംഭങ്ങൾക്ക് ഇൻകുബേഷൻ സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്ന സെഗ്മെന്റ് പാർക്കുകൾ പോലുള്ള സംവിധാനങ്ങളിലൂടെ സ്റ്റാർട്ടപ്പുകൾക്കും സംരംഭകത്വത്തിനും കിൻഫ്ര പിന്തുണ നൽകിവരുന്നു. ഏകജാലക ക്ലിയറൻസ്, അവശ്യ അടിസ്ഥാന സൗകര്യങ്ങൾ സേവനങ്ങൾ എന്നിവ |

| | | | |
|---|---|---|---|
| | | | നൽകിക്കൊണ്ട് നിക്ഷേപം സുഗമമാക്കുന്നതിൽ കിൻഫ്ര സുപ്രധാന പങ്ക് വഹിക്കുന്നു. |
| (ബി) | ഐ. പി. ആർ. (ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിംഗ് സിസ്റ്റം) സംവിധാനം അനുസരിച്ച് വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്;<br>കേന്ദ്ര വാണിജ്യ വ്യവസായ പ്രോത്സാഹന മന്ത്രാലയത്തിന്റെ ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിംഗ് സിസ്റ്റം 2.0 പദ്ധതിയുടെ ഭാഗമായി കിൻഫ്രയുടെ അഞ്ച് വ്യവസായ പാർക്കുകൾ ദക്ഷിണ മേഖലയിൽ മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.<br><br>**<u>മികവിന്റെ അടിസ്ഥാനത്തിൽ IIPRS IPRS റേറ്റിംഗ് 2.0 തെരഞ്ഞെടുക്കപ്പെട്ട കിൻഫ്ര പാർക്കുകൾ:</u>**<br><br>1. കിൻഫ്ര ഹൈടെക് പാർക്ക്, കൊച്ചി.<br>2. കിൻഫ്ര മെഗാ ഫുഡ് പാർക്ക്, പാലക്കാട്.<br>3. കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, കഴക്കൂട്ടം.<br>4. കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, മഴുവന്നൂർ.<br>5. കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട്. |
| (സി) | വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ഭൂമി അലോട്ട്മെന്റിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കേരളത്തിൽ കിൻഫ്ര ഇതുവരെ ഏകദേശം 34 വ്യാവസായിക പാർക്കുകൾ വികസിപ്പിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ നിന്നുള്ള ഏകദേശം 1400 യൂണിറ്റുകൾ ഈ 34 വ്യാവസായിക പാർക്കുകളിൽ പ്രവർത്തിക്കുന്നു. ഇതുവരെ ഏറ്റെടുത്ത ഭൂമിയിൽ ഏകദേശം 85% വിവിധ സംരംഭകർക്ക് കൈമാറിയിട്ടുണ്ട്. നിർമ്മിച്ചിരിക്കുന്ന മൊത്തം വ്യാവസായിക ബിൽറ്റ്-അപ്പ് സ്പേസിൽ ഏകദേശം 70% വ്യത്യസ്ത വ്യവസായങ്ങൾക്ക് അനുവദിച്ചിരിക്കുന്നു. ഇതിലൂടെ കിൻഫ്ര ഏകദേശം 72,500 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ഏകദേശം 6280 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ